**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **15-10-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ? | (എ) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കാസർഗോഡ് ഇൻഡസ്ട്രിയൽ സ്പേസിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ കിൻഫ്ര ഒരു ചെറുകിട വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ 70 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പാർക്കിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ സൂചിപ്പിക്കുന്നു.<br><br>**സംരംഭക സഹായ പദ്ധതി**<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കി വരുന്ന ഏറ്റവും പ്രചാരമുള്ളതും, ആകർഷകവുമായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. കേരളത്തിലെ ഉത്പാദന മേഖലയിൽ പ്രവർത്തിയ്ക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് അനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകന്റെ വിഭാഗം, ഉത്പാദന മേഖല, സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല എന്നിവയനുസരിച്ച് സ്ഥിര നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ 2021 മാർച്ച് മുതൽ2024 ഓക്ടോബർ വരെ 151യൂണിറ്റുകൾക്കായി 700.93 ലക്ഷം രൂപ സംരംഭക സഹായ പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചിട്ടുണ്ട്.<br><br>**പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി**<br><br>പഴയ ആർ.ഇ.ജി.പി.യും പി.എം.ആർ.വൈ സ്കീമും ലയിപ്പിച്ചുകൊണ്ടുള്ള പി.എം.ഇ.ജി.പി കേന്ദ്ര |

സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീം ആണ്. കെവിഐഎസി, സ്റ്റേറ്റ് ഖാദി ബോർഡ് വഴി ഗ്രാമീണ മേഖലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഗ്രാമ നഗര പ്രദേശങ്ങളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

**നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന ഒരു വായ്പാ ബന്ധിത പദ്ധതിയാണ് നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി. കേരളത്തിലെ ഉത്പാദന മേഖലയിലും, ജോബ് വർക്ക് മേഖലയിലും, മൂല്യ വർദ്ധനയുള്ള സേവന മേഖലയിലും പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ അല്ലെങ്കിൽ പ്രവർത്തന മൂലധന വായ്പ), അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്.

2023 മാർച്ച് മുതൽ 2024ഒക്ടോബർ വരെ 117 കുടുംബങ്ങൾക്ക് **ഒരു കുടുംബം ഒരു സംരംഭം** പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ട്.

**പി.എം. എഫ് ഇ.എം പദ്ധതി**

മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും, ഈ സംരംഭങ്ങളുടെ നവീകരണത്തിനും പിന്തുണ നൽകുന്നതിനുള്ള ഫുഡ് പ്രോസസിങ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് Formalization of Micro Food Processing Enterprises.

**നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശയിളവ് പദ്ധതി**

നാനോ ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണിത്. മൂലധന വായ്പയെടുത്ത നാനോ ഗാർഹിക സംരംഭങ്ങൾക്ക്, അവർ അടച്ച പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്ന പദ്ധതിയാണിത്. ഉത്പാദന, സേവന, ജോബ് വർക്ക് മേഖലയിൽ

പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാം.

**നൈപുണ്യ സംരംഭ വികസന സൊസൈറ്റികൾക്കുള്ള സഹായം**

കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ തൊഴിലാളികൾക്കു മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടികൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരാക്കി മാറ്റുക, തൊഴിലാളികൾക്കു ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിനു മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും അതിർത്തിയ്ക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിയ്ക്കുന്നതിന് സർക്കാർ ലക്ഷ്യമിടുകയും അതിനനുസരിച്ച് വ്യത്യസ്ത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ലക്ഷ്യപ്രാപ്തിയ്ക്കായി മുന്നോട്ട് വരികയും ചെയ്തു. ഇത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പിന് കീഴിൽ ഒരു ധനസഹായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു.

**കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി** :- കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കരകൗശല മേഖലയിലെ വിദഗ്ധർക്ക് ഒറ്റത്തവണ സഹായം (ഗ്രാന്റ്) നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. സംരംഭം ആരംഭിച്ച ശേഷമാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്. കേന്ദ്ര സർക്കാരിലെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലോ, കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരളാ സ്റ്റേറ്റ് ബാംബൂ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ എസ് ബി സി), കേരളാ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് (എച് ഡി സി കെ), കേരളാ സ്റ്റേറ്റ് പാമിറ പ്രോഡക്റ്റ് ഡവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) എന്നിവിടങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള കരകൗശല വിദഗ്ധരെയാണ് ഈ പദ്ധതിയിൽ കരകൗശല വിദഗ്ധരായി കണക്കാക്കപ്പെടുന്നത്.

**എം എസ് എം ഇ സ്കെയിൽ അപ്പ് മിഷൻ (മിഷൻ 1000)** :- കേരളത്തിലെ എംഎസ്എംഇ കളിൽ നിന്നും

തെരഞ്ഞെടുത്ത 1000 എംഎസ്എംഇ കളെ 100 കോടി വിറ്റുവരവ് ഉള്ള യൂണിറ്റുകളായി 4വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ട് വരാനുള്ള പദ്ധതി.

**എം എസ് എം ഇ ഇൻഷുറൻസ് പദ്ധതി**

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു.

**ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം**

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്**

വ്യവസായ ആവശ്യത്തിനായി സ്ഥല ലഭ്യതയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ ആവിഷ്കരിക്കുന്ന പുതിയ പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

**സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായ പദ്ധതി**

ഉല്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നല്കുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ 75% ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി നല്കുന്നു.

**തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി**

2023-24 സാമ്പത്തിക വർഷം 31/3/2023 വരെ നിലവിലുണ്ടായിരുന്ന “തകർച്ച നേരിടുന്ന എം.എസ്.എം.ഇ- കളുടെ പുനരധിവാസവും പുനരുജ്ജീവനവും”, “പ്രവർത്തനരഹിതമായ യൂണിറ്റുകൾ/ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ

പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ടു പദ്ധതികൾ സംയോജിപ്പിച്ച "തകർച്ച നേരിടുന്ന എം.എസ്.എം.ഇ-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ-കൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022 മാർച്ച് മുതൽ 2024 ഓക്ടോബർ വരെ 3 യൂണിറ്റുകൾക്കായി 16.78ലക്ഷം രൂപ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ട്

**സംരംഭകത്വ വികസന ക്ലബ്**

യുവജനങ്ങൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കാനും അവർക്ക് വേണ്ട നൈപുണ്യവും, സങ്കേതവും, ആത്മവിശ്വാസവും നൽകി അവരെ പുത്തൻ തലമുറയുടെ സംരംഭകത്വത്തിന്റെ ദീപശിഖാ വാഹകരാക്കാനും ഉദ്ദേശിച്ച് സ്കൂളുകളിലും, കോളേജുകളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ ഗുണങ്ങൾ വളർത്തിയെടുക്കാനും, വ്യവസായ മേഖലയ്ക്ക് ഉണർവ് പകരാനും, ഒളിഞ്ഞു കിടക്കുന്ന സംരംഭക ഗുണങ്ങളെ പരിപോഷിപ്പിക്കാനും, വിജയിച്ച സംരംഭകരുടെ മനോഭാവവും, ഗുണങ്ങളും, മൂല്യവും, നൈപുണ്യവും ഇ.ഡി.ക്ലബ് അംഗങ്ങൾക്ക് പരിചയപ്പെടുത്താനും ഒക്കെയുള്ള പരിപാടികൾ നടത്തുന്നതിന് ഇ.ഡി.ക്ലബ്ബുകൾക്ക് 20000/- രൂപ വരെ ധനസഹായം നൽകിവരുന്നു. ജില്ലയിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 35 ഇ.ഡി.ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**വ്യവസായ എസ്റ്റേറ്റുകൾ**

ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകളായ അനന്തപുരം, ചട്ടഞ്ചാൽ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം പൂർത്തിയാക്കി പ്രസ്തുത എസ്റ്റേറ്റുകളിൽ വിവിധ വ്യവസായ സംരംഭങ്ങൾ നടന്നു വരുന്നു. കൂടാതെ ജില്ലയിൽ 5 മിനി വ്യവസായ എസ്റ്റേറ്റുകളിലായി 54 വ്യവസായ ഷെഡുകൾ സംരംഭകർക്ക് നൽകിയിട്ടുണ്ട്

പുതുതായി ജില്ലയിൽ ആരംഭിച്ച മടിക്കൈ വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി നടന്നു വരുന്നു. പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ സംരംഭകർക്ക് ഭൂമി അളന്ന് നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി വ്യവസായ പാർക്കിൽ സംരംഭങ്ങളുടെ പ്രവർത്തനം പെട്ടെന്ന് തന്നെ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | **<u>സ്വകാര്യ വ്യവസായ പാർക്ക്</u>**<br><br>ജില്ലയിൽ സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന ഒരു വ്യവസായ പാർക്കിന് അനുമതി ലഭ്യമായിട്ടുണ്ട്.<br><br>**<u>കൈത്തറി & ടെക്-സ്റ്റൈൽസ്</u>**<br><br>കൈത്തറി ആന്റ് ടെക്-സ്റ്റൈൽസ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ജില്ലയിലെ കൈത്തറി, ടെക് -സ്റ്റൈൽസ് മേഖലയിലെ സംരംഭകർക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ